# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം.

## വൈദ്യുതി ചാർജ്ജ് വർദ്ധനയ്ക്ക് മാനദണ്ഡങ്ങൾ

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 369

11-06-2013-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ചന്ദ്രൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി ) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതി നു ശേഷം എത്ര തവണയാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടു ളളത് ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ രണ്ടു പ്രാവശ്യം അതായത് 2012 ജൂലൈ 1 മുതലും 2013 മെയ് 1 മുതലും വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് 2012 ഏപ്രിൽ, മെയ് മാസങ്ങളിൽ ഉപഭോക്താക്കളുടെമേൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്താനും ഇതിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റ് വൈദ്യുതിക്കും 10 രൂപ നിരക്കിൽ ചാർജ്ജ് ഈടാക്കുവാനും അനുവദിച്ചിട്ടുണ്ട്. എന്നാൽ 2012 ജൂൺ മുതൽ ഇതൊഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ 2012 ഡിസംബർ 15- ാം തീയതി മുതൽ 2013 മെയ് വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് ഉപഭോക്താക്കളുടെമേൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുകയും പ്രസ്തുത നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റ് വൈദ്യുതിക്കും അതാതു വിഭാഗത്തിലുള്ള എനർജി ചാർജ്ജ് നിലവിലെ താരിഫിനു പുറമെ പെനാൽറ്റി ആയി |

ഈടാക്കുവാനും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത നിയന്ത്രണം 2013 ജൂൺ 1 മുതൽ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ചാർജ്ജ് വർദ്ധനവിലൂടെ എത്ര തുകയാണ് ഇതു വരെ ബോർഡിന് അധി കമായി ലഭിച്ചിട്ടു ള്ള ത് ; വ്യക്തമാക്കുമോ;

(ബി) 2012 ജൂലൈ മുതലുള്ള താരിഫ് വർദ്ധനവിലൂടെ പ്രതിമാസം ഏകദേശം 140 കോടിയോളം രൂപയാണ് അധികവരുമാനമായി ലഭിച്ചിട്ടുള്ളത്. അതായത് 2012 ജൂലൈ മുതൽ 2013 മെയ് വരെയുള്ള കാലയളവിലേക്ക് ഏകദേശം 1540 കോടി രൂപ അധികവരുമാനമായി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത കണക്കുകൾ തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് 2012 ഏപ്രിൽ, മെയ് മാസങ്ങളിൽ ഏർപ്പെടുത്തിയ വൈദ്യുതി നിയന്ത്രണത്തിലൂടെ അധിക ഉപഭോഗത്തിന് 55.17 കോടി രൂപ ലഭിച്ചു. കൂടാതെ 2012 ഡിസംബർ മുതൽ 2013 മെയ് വരെയുള്ള കാലയളവിൽ ഏർപ്പെടുത്തിയ വൈദ്യുതി നിയന്ത്രണത്തിലൂടെ അധിക ഉപഭോഗത്തിന് പെനാൽറ്റി ഈടാക്കുന്നതുവഴി 220 കോടി രൂപ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഇനി എല്ലാ വർഷവും ഏപ്രിൽ 1 മുതൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാ പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ചാർജ്ജ് വർദ്ധനയ്ക്ക് എന്തെങ്കിലും മാനദണ്ഡ ങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാ ക്കാമോ?

(സി & ഡി) ഇല്ല. സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനും, വൈദ്യുതി ചാർജ്ജ് വർദ്ധനവിന്റെ

മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുമുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്.

സെക്ഷൻ ഓഫീസർ